ഭരണഭാഷ മാതൃഭാഷ

# പതിമൂന്നാം കേരള നിയമസഭാ
## ഒൻപതാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.5300        02-07-2013-ലെ മറുപടിക്ക്**

## കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റി

| ചോദ്യം<br>ശ്രീ.രാജു എബ്രഹാം | ഉത്തരം<br>ശ്രീ.കെ.എം.മാണി<br>ബഹു.ധനകാര്യവും നിയമവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി |
|---|---|
| (എ) കേരളത്തിലെ വക്കീൽ ഗുമസ്തൻമാർക്ക് ക്ഷേമനിധി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നു മുതൽക്കാണ്; ക്ഷേമനിധിയിൽ അംഗത്വം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെ; ആർക്കാണ് അപേക്ഷ നൽകേണ്ടത്; ഇതു സംബന്ധിച്ച ഉത്തരവുകളുടെ കോപ്പി ലഭ്യമാക്കാമോ; | എ) 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റ് പ്രകാരം കേരളത്തിലെ അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് ക്ഷേമ നിധി ഏർപ്പെടുത്തിയിട്ടുള്ളതും ആയത് 2004-ഏപ്രിൽ 1- മുതൽ പ്രാബല്യത്തിൽ വന്നിട്ടു ള്ളതുമാകുന്നു. 2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്റ്റിലും, 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലും വിവക്ഷിച്ചിട്ടുള്ള വ്യവസ്ഥകൾ പ്രകാരമാണ് ക്ഷേമനിധിയിൽ അംഗത്വം നൽകി വരുന്നത്. ഒരു അഭിഭാഷകനാൽ ഉദ്യോഗത്തിൽ നിയമിക്കപ്പെട്ടതും 1958-ലെ പ്ലീഡേഴ്സ് ക്ലാർ ക്ക്സ് ചട്ടങ്ങളിലെ 6-ാം ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുള്ള പ്രകാരം ഒരു അഡ്വക്കേറ്റ് ക്ലാർക്കായി രജിസ്റ്റർ ചെയ്തിട്ടുള്ളതുമായ ഒരോ അഡ്വക്കേറ്റ് ക്ലാർക്കും ഫാറം നം.1-ൽ അഡ്വ ക്കേറ്റ് ക്ലാർക്കായി കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയുടെ അംഗീകാരത്തിനു വേണ്ടി അപേക്ഷ നൽകേണ്ടതാണ്. ഇപ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്ക് അപേക്ഷാഫീസ് നൽകിയതിനു ശേഷം |

| | |
|---|---|
| | അയാൾ അംഗമായിട്ടുള്ള അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ മുഖാന്തിരം ക്ഷേമനിധിയിലെ ഒരംഗമായി പ്രവേശനം ലഭിക്കുന്നതിനു വേണ്ടി V-ാം നമ്പർ ഫാറത്തിൽ തന്റെ സമീപകാലത്തെ പാസ്സ്പോർട്ട് വലിപ്പത്തിലുള്ള ഫോട്ടോ പതിപ്പിച്ച് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിക്ക് അപേക്ഷ നൽകേണ്ടതാണ്.2003-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ആക്ററിന്റെയും 2004-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളുടെയും പകർപ്പുകൾ ഇതൊടൊപ്പം ഉള്ളടക്കം ചെയ്യുന്നു. |
| (ബി) ക്ഷേമനിധി അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണ്; ക്ഷേമനിധിയിലേയ്ക്ക് പണം കണ്ടെത്തുന്നത് ഏതൊക്കെ മാർഗ്ഗങ്ങളിലൂടെയാണ്; ഈ നിരക്ക് വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര; | <u>ക്ഷേമനിധിയിലെ അംഗങ്ങൾക്ക് ലഭിക്കുന്ന ആനുകൂല്യങ്ങൾ ചുവടെ ചേർക്കുന്നു</u><br><br>(i) അംഗങ്ങൾ ക്ഷേമനിധിയിൽ നിന്നും പിരിഞ്ഞു പോകുമ്പോൾ/മരണപ്പെടുമ്പോൾ അവരുടെ സേവനകാലമനുസരിച്ച് പരമാവധി രണ്ടു ലക്ഷം രൂപവരെയുള്ള സഞ്ചിത തുക.<br>(ii) അംഗങ്ങൾക്ക് അവരുടെ നാല് ആശ്രിതർക്കുൾപ്പെടെയുള്ളവരുടെ ചികിത്സയ്ക്കായി പ്രതിവർഷം പരമാവധി 25000/- രൂപവരെ ചികിത്സാ ആനകൂല്യമായി അനുവദിക്കുന്നു. ഇതു കൂടാതെ അംഗങ്ങൾക്കു മാത്രമായി 5000/- രൂപ വരെ stroke, cancer, chronic irreversible renal failure, multiple sclerosis, coronary artery എന്നീ അസുഖങ്ങളോടനുബന്ധിച്ച് critical care ആനുകൂല്യവും നൽകുന്നുണ്ട്.<br>(iii) ക്ഷേമനിധിയിൽ കുറഞ്ഞത് ഒരു വർഷക്കാലമെങ്കിലും അംഗമായിട്ടുള്ളതും |

| | |
|---|---|
| | വരിസംഖ്യ കുടിശ്ശികയില്ലാതെ അതാതുവർഷം മാർച്ച് 31-ാം തീയതി ഫണ്ടിൽ അംഗമായി തുടർന്നുവരുന്നവരുമായ അംഗങ്ങൾക്ക് പ്രതി വർഷം 300/- രൂപ നിരക്കിൽ ഉത്സവബത്തയ്ക്ക് അർഹതയുണ്ട്.<br>കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പുകളുടെ വിൽപ്പനയിലൂടെ ലഭിക്കുന്ന വരുമാനവും അംഗങ്ങളിൽ നിന്നും വസൂലാക്കുന്ന അപേക്ഷാ ഫീസ്, പ്രവേശന ഫീസ്, വാർഷിക വരിസംഖ്യ എന്നി ഇനങ്ങളിൽ ലഭിക്കുന്ന വരുമാനവും, കൂടാതെ 1959-ലെ കേരള കോർട്ട് ഫീസും വ്യവഹാര സലയും ആക്റ്റിലെ 76-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരമുള്ള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കൈമാറ്റം ചെയ്യപ്പെടുന്ന തുകയും ഉൾപ്പെടുന്നതാണ് ക്ഷേമനിധി അംഗങ്ങളുടെ വാർഷിക വരിസംഖ്യ 2004 മുതൽ 200 രൂപയും, 2008 മുതൽ 400 രൂപയു മായിരുന്നത് 2004 മുതൽ മുൻകാല പ്രാബല്യത്തോടെ 1200 രൂപയാക്കി 2010-ൽ വർദ്ധിപ്പിച്ചിരുന്നു. കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നുള്ള വിഹിതം 20%-ൽ നിന്നും 30% ആയി 2012-13 മുതൽ വർദ്ധിപ്പിച്ചിട്ടുണ്ട്. കൂടാതെ ക്ഷേമനിധി സ്റ്റാമ്പിന്റെ മൂല്യം 6 രൂപയിൽ നിന്നും 12 രൂപയായി വർദ്ധി പ്പിച്ചിട്ടുള്ളതുമാകുന്നു. |
| (സി) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന ക്ഷേമനിധി തുക വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസിയേഷൻ നിവേദനം നൽകിയിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്നാണ്; നിവേദനത്തിലെ മറ്റാവശ്യങ്ങൾ എന്തൊക്കെയാണ്; | (സി) നിലവിൽ ലഭിച്ചു കൊണ്ടിരിക്കുന്ന ക്ഷേമനിധി തുക 3 ലക്ഷമായി വർദ്ധിപ്പിക്കണ മെന്നഭ്യർത്ഥിച്ച് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോസി യേഷൻ തീയതി രേഖപ്പെടുത്താത്ത ഒരു നിവേദനം ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിച്ചിരുന്നു. പെൻഷൻ തുക 1500 |

| | |
|---|---|
| | രൂപയായി വർദ്ധിപ്പിക്കുക, ഉത്സവബത്ത 1000/- രൂപയായി വർദ്ധിപ്പിക്കുക, ക്ഷേമനിധി സ്റ്റാമ്പിന്റെ വില 10/- രൂപയായി വർദ്ധിപ്പിക്കുക, ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കേരള അഡ്വക്കേറ്റ് . ക്ലാർക്ക്സ് ക്ഷേമനിധിയ്ക്കുള്ള വിഹിതം 20%-ൽ നിന്നും 35% ആയി വർദ്ധിപ്പിക്കുക, സംസ്ഥാന ഇൻഷുറൻസ് ഡയറക്ടറുടെ കീഴിലുള്ള 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതി (3/85) യുടെ എല്ലാവിധ ആസ്തി ബാധ്യതകളും നിലവിൽ പ്രവർത്തിക്കുന്ന കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുക. കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയ്ക്ക് പ്രവർത്തിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടം അനുവദിച്ചു നൽകുക, അഡ്വക്കേറ്റ് ക്ലാർക്കൻമാർക്കുള്ള മെഡിക്ലെയിം പദ്ധതി 30,000/ രൂപയിൽ നിന്നും 50,000/ രൂപയാക്കി വർദ്ധിപ്പിക്കുക എന്നിവ യാണ് കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് അസോ സിയേഷൻ സമർപ്പിച്ച നിവേദനത്തിലെ മറ്റ് ആവശ്യങ്ങൾ. |
| ഡി) അഡ്വക്കേറ്റ് ക്ലാർക്കുമാർക്ക് പെൻഷൻ ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശ ങ്ങൾ ലഭ്യമാക്കുമോ; | (ഡി) കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമ നിധി ചട്ടങ്ങളിലെ ചട്ടം 11 (എ) പ്രകാരം 60 വയസ്സും, 8 വർഷത്തെ ക്ഷേമനിധി അംഗത്വവും പൂർത്തിയാക്കിയിട്ടുള്ളവർക്ക് പെൻഷന് അർഹ തയുണ്ട്. എന്നാൽ ഇതു സംബന്ധിച്ച പെൻഷൻ സ്കീം സർക്കാരിന്റെ പരിഗണനയിലാണ്. |
| (ഇ) അഡ്വക്കേറ്റ് ക്ലാർക്ക് അസോസിയേഷൻ നൽകിയ നിവേദനത്തിലെ ആവശ്യങ്ങൾ നടപ്പാക്കുന്നതിൽ സ്വീകരിച്ച നടപടികൾ എന്തൊക്കെ എന്നു വിശദമാക്കാമോ ? | (ഇ) **ക്ഷേമനിധി തുക വർദ്ധന** ക്ഷേമനിധി തുക 2 ലക്ഷം രൂപയിൽ നിന്നും 3 ലക്ഷം രൂപയാക്കി വർദ്ധിപ്പിക്ക ണമെന്ന നിവേദനം വിശദമായ റിപ്പോർട്ടിനും |

| | |
|---|---|
| | അഭിപ്രായത്തിനുമായി ക്ഷേമനിധി കമ്മിറ്റി സെക്രട്ടറിയക്ക് നൽകിയിട്ടുള്ളതാണ്. പ്രസ്തുത നിവേദനം 24-4-2013-ൽ കൂടിയ ക്ഷേമനിധി കമ്മിറ്റി യോഗം വിശദമായി ചർച്ച ചെയ്യുകയും ക്ഷേമനിധി തുക ഉടൻ വർദ്ധിപ്പിച്ചാൽ ക്ഷേമനിധി കമ്മിറ്റിയുടെ സാമ്പത്തിക നില പ്രതിസന്ധിയിലാകാൻ സാധ്യതയുണ്ടെന്നും ആയതിനാൽ പ്രസ്തുത വർദ്ധന 01-7-2014-ശേഷം നടപ്പിലാക്കുന്നതായിരിക്കും ഉചിതമെന്ന് റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഫയലിൽ തുടർ നടപടികൾ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്.<br>**പെൻഷൻ പദ്ധതി**<br>കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി ചട്ടങ്ങളിലെ ചട്ടം 11 (എ) പ്രകാരം 60 വയസ്സും 8 വർഷത്തെ ക്ഷേമനിധി അംഗത്വവും പൂർത്തിയാക്കിയിട്ടുള്ളവർക്ക് പ്രതിമാസം 500/- രൂപ (പരമാവധി 600) രൂപ പെൻഷൻ നൽകുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. പെൻഷൻ അനുവദിച്ച് ഉത്തരവായതിനു ശേഷം മാത്രമേ പെൻഷൻ വർദ്ധന പരിഗണിക്കാൻ കഴിയുകയുള്ളൂ.<br>**ഉത്സവബത്ത വർദ്ധന**<br>കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിയിലേയക്കുള്ള വിഹിതം (2012-2013 സാമ്പത്തിക വർഷം മുതൽ) 20% - ൽ നിന്നും 30% മായും, കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ വില 6/- രൂപയിൽ നിന്നും 12/- രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത വർദ്ധനവ് മൂലമുണ്ടായ സാമ്പത്തിക |

നേട്ടം 2014-15 വർഷത്തോടുകൂടിയെ ക്ഷേമ നിധിയിൽ പ്രകടമാകുകയുള്ളൂ. നിലവിലെ ആനുകൂല്യങ്ങളുടെ വർദ്ധനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ 01-7-2014- ശേഷം തീരുമാനിച്ചാൽ മതിയെന്ന ക്ഷേമനിധി കമ്മിറ്റിയുടെ തീരുമാനം ഉത്സവബത്തയുടെ കാര്യത്തിലും ബാധകമാണ്.

**ക്ഷേമനിധി സ്റ്റാമ്പ് വില വർദ്ധന**

കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി സ്റ്റാമ്പിന്റെ വില 2013 ജനുവരി 14-ാം തീയതി പ്രസിദ്ധീകരിച്ച 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ഓർഡിനൻസ് പ്രകാരം (15/2013) 6 രൂപയിൽ നിന്നും 12 രൂപയാക്കി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ഓർഡിനൻസ് 2013-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി (ഭേദഗതി) ആക്റ്റ് (10/2013) ആയി പ്രസിദ്ധീകരിച്ചിട്ടുണ്ട്.

**കെ.എൽ.ബി.എഫ് വിഹിത വർദ്ധന**

കേരള ലീഗൽ ബെനിഫിറ്റ് ഫണ്ടിൽ നിന്നും കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധിലേയ്ക്കുള്ള വിഹിതം 20%-ൽ നിന്നും 30% മായി (2012-2013 സാമ്പത്തിക വർഷം മുതൽ) വർദ്ധിപ്പിച്ചിട്ടുണ്ട്.

**ആസ്തി ബാധ്യത കൈമാറിയത്**

സംസ്ഥാന ഇൻഷുറൻസ് ഡയറക്ടറുടെ കീഴിലുള്ള 1985-ലെ കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി പദ്ധതി (3/85) യുടെ എല്ലാവിധ ആസ്തിബാധ്യതകളും നിലവിൽ പ്രവർത്തിക്കുന്ന കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയ്ക്ക് കൈമാറിക്കൊണ്ട് ധനകാര്യ വകുപ്പ് 12-6-2013-ൽ ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം (സ.ഉ.(സാധാ) നം. 5001/13/ധന തീയതി

| | |
|---|---|
| | 12-6-2013) 2,12,52,515 രൂപ (രണ്ട് കോടി പന്ത്രണ്ട് ലക്ഷത്തി അൻപത്തി രണ്ടായിരത്തി അഞ്ഞൂറ്റി പതിനഞ്ച് രൂപ) യും മറ്റ് ആസ്തി ബാധ്യതകളും നിലവിൽ പ്രവർത്തിക്കുന്ന ക്ഷേമനിധി കമ്മിറ്റിയ്ക്ക് കൈമാറാൻ ഉത്തരവായിട്ടുണ്ട്.<br>**സർക്കാർ കെട്ടിടം അനുവദിക്കൽ**<br>കേരള അഡ്വക്കേറ്റ് ക്ലാർക്ക്സ് ക്ഷേമനിധി കമ്മിറ്റിയ്ക്ക് പ്രവർത്തിക്കുന്നതിന് സർക്കാർ ഉടമസ്ഥതയിലുള്ള ഒരു കെട്ടിടം അനുവദിക്കണമെന്ന ആവശ്യത്തിൻമേൽ തുടർ നടപടികൾ നടന്നു വരുന്നു.<br>**മെഡിക്ലെയിം ആനുകൂല്യം**<br>മെഡിക്ലെയിം ആനുകൂല്യം വർദ്ധിപ്പിക്കുന്നത് ക്ഷേമനിധിയുടെ ഇപ്പോഴത്തെ സാമ്പത്തിക സ്ഥിതിയ്ക്ക് ആശാസ്യമല്ലെന്ന ക്ഷേമനിധി കമ്മിറ്റിയുടെ അഭിപ്രായം സർക്കാർ അംഗീകരിച്ച് ഫയൽ തീർപ്പാക്കിയിട്ടുള്ളതാണ്. |

ഉത്തരവിൻ പ്രകാരം
Sreethy
സെക്ഷൻ ഓഫീസർ